**വി. ശിവൻകുട്ടി**
**പൊതുവിദ്യാഭ്യാസവും**
**തൊഴിലും വകുപ്പ് മന്ത്രി**
**കേരള സർക്കാർ**

തിരുവനന്തപുരം

തീയതി 19-10-2022

**ഹരിതവിദ്യാലയം റിയാലിറ്റിഷോ**

നമ്മുടെ പൊതുവിദ്യാലയങ്ങളിൽ നിരവധി പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. സ്കൂളും പഠനവും മികവുറ്റതാക്കാൻ പലതരത്തിലുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇവയിൽ പലതും മറ്റ് സ്കൂളുകൾക്ക് മാതൃകയാക്കാവുന്നവയാണ്. പൊതുസമൂഹത്തിന്റെ പങ്കാളിത്തം നല്ല സ്കൂളുകളുടെ പ്രകടനത്തിൽ പ്രതിഫലിക്കും. പഠനത്തിനു പുറമേ ശാരീരികവും മാനസികവും സാംസ്കാരികവുമായ പ്രവർത്തനങ്ങളിൽ സ്കൂളിന്റെ പിന്തുണയെല്ലാം നമുക്ക് ശ്രദ്ധിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങളുടെ യെല്ലാം ഒരു പരിശോധന എന്ന നിലയിലാണ് 'ഹരിത വിദ്യാലയം' റിയാലിറ്റിഷോയുടെ മൂന്നാം എഡിഷന് നമ്മൾ തുടക്കം കുറിക്കുന്നത്.

പൊതുവിദ്യാഭ്യാസ മേഖലയിലെ മികവുകൾ പങ്കുവെയ്ക്കുന്ന ഈ ഷോയിൽ കോവിഡ് കാലം മുതലുള്ള പ്രവർത്തന മികവാണ് മാറ്റുരയ്ക്കുക. പഠനമികവിനോടൊപ്പം സ്കൂളിനു ലഭിച്ച അടിസ്ഥാന സൗകര്യങ്ങളെ എങ്ങനെ ഉപയോഗിച്ചു എന്നു നോക്കണം, കോവിഡ് കാലത്ത് എങ്ങനെ കുട്ടികൾക്ക് പിന്തുണ നൽകി എന്നു നോക്കണം, ഡിജിറ്റൽ വിദ്യാഭ്യാസം നന്നായി നടത്തിയിട്ടുണ്ടോ എന്ന പരിശോധിക്കണം, സമൂഹ പങ്കാളിത്തം ഉറപ്പാക്കിയോ എന്നു തുടങ്ങി വിവിധ കാര്യങ്ങൾ 'ഹരിതവിദ്യാലയം' പരിപാടിയിൽ ചർച്ച ചെയ്യും.

നമ്മുടെ സ്കൂളുകളിൽ നടക്കുന്ന പ്രവർത്തനങ്ങളെ ജനങ്ങൾ ക്കറിയാനുള്ള അവസരം കൂടിയാണിത്. അതുകൊണ്ട് വളരെ ഗൗരവകര മായാണ് വിദ്യാഭ്യാസ വകുപ്പ് ഈ റിയാലിറ്റിഷോയെ കാണുന്നത്. അതുകൊണ്ട് മുഴുവൻ സ്കൂളുകളും പ്രാഥമിക റൗണ്ടിലേയ്ക്ക് തയ്യാറെടുപ്പ് നടത്തി അപേക്ഷ സമർപ്പിക്കണം.

ഓരോ സ്കൂളും അവരുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള അവസരമായി ഇതിനെ കാണണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

സ്നേഹത്തോടെ

വി. ശിവൻകുട്ടി

ഓഫീസ് : റൂം നമ്പർ 201, രണ്ടാം നില, അനക്സ്-2
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001
ഫോൺ-ഓഫീസ് : 0471-2517048 മൊബൈൽ : 9400009100
ഇ-മെയിൽ : min.edu@kerala.gov.in, min.lbr@kerala.gov.in